| 2. അവശതാ ആനുകൂല്യം | | |
|---|---|---|
| a. താൽക്കാലിക അവശതാ ആനുകൂല്യം<br>(i) തൊഴിൽ അപകടം (പരിക്ക്) | തൊഴിൽ അപകടം മൂലമുണ്ടാകുന്ന പരിക്കുകൾക്ക് പരിരക്ഷിത തൊഴിലിൽ പ്രവേശിക്കുന്ന ഒന്നാംദിവസം മുതൽ വിഹിത നിബന്ധനകളില്ലാതെ നൽകുന്നു. | ശരാശരി വേതനത്തിന്റെ 90% നിരക്കിൽ താൽക്കാലിക അവശത നിലനിൽക്കുന്നിടത്തോളം കാലം |
| (ii) തൊഴിൽജന്യ രോഗങ്ങൾ | ഇ.എസ്.ഐ. ആക്ട് 1948-ന്റെ 3-ാം പട്ടികയിൽ നിർവ്വചിച്ചിട്ടുള്ള ഏതെങ്കിലും തൊഴിൽ ജന്യരോഗം സ്പെഷ്യൽ മെഡിക്കൽബോർഡിന്റെ പരിശോധനയിൽ സ്ഥിരീകരിച്ചാൽ തൊഴിൽ അപകടമായി പരിഗണിക്കുന്നു. | ശരാശരി വേതനത്തിന്റെ 90% നിരക്കിൽ |
| b. സ്ഥിര അവശതാ ആനുകൂല്യം | താൽക്കാലിക അവശതാ ആനുകൂല്യത്തിന്റേതു തന്നെ. പക്ഷേ മെഡിക്കൽ ബോർഡിന്റെ തീരുമാനത്തിനനുസൃതമായി മാത്രം. | സമ്പൂർണ്ണ സ്ഥിര അവശതകൾക്ക് ശരാശരി വേതനത്തിന്റെ 90%. സ്ഥിരമായ ഭാഗിക അവശതകൾക്ക് വരുമാന ശേഷിയുടെ നഷ്ടത്തിന്റെ ആനുപാതികമായി ആജീവനാന്തം |
| **3. ആശ്രിത ആനുകൂല്യം** | പരിരക്ഷിത തൊഴിലിൽ പ്രവേശിക്കുന്ന ഒന്നാം ദിവസം മുതൽ തൊഴിൽ അപകടം മൂലം മരണപ്പെടുന്ന വ്യക്തിയുടെ ആശ്രിതർക്ക്. | ശരാശരി വേതനത്തിന്റെ 90% നിശ്ചിത അനുപാതത്തിൽ. 1. വിധവയ്ക്ക് ആജീവനാന്തമോ പുനർവിവാഹം വരെയോ. 2. ആശ്രിതരായ ആൺകുട്ടികൾക്ക് 25 വയസ്സുവരെ. 3. ആശ്രിതരായ പെൺകുട്ടികൾക്ക് വിവാഹിതരാകുന്നതുവരെ. 4. വൈകല്യമുള്ളകുട്ടികൾക്ക് വൈകല്യം നിലനിൽക്കുന്നിടത്തോളം കാലം. 5. ആശ്രിതരായ മാതാപിതാക്കൾക്ക് ആജീവാനാന്തം |
| **4. പ്രസവാനുകൂല്യം** | പ്രസവ തീയതിക്കോ പ്രസവം പ്രതീക്ഷിക്കുന്ന തീയതിക്കോ തൊട്ടു മുൻപുള്ള ഒന്നോ രണ്ടോ വിഹിത കാലയളവിൽ 70 ദിവസത്തിൽ കുറയാത്ത വിഹിതം അടച്ചിരിക്കണം. | ശരാശരി വേതനത്തിന്റെ 100% നിരക്കിൽ<br>***a.*** ജീവിച്ചിരിക്കുന്ന 2 കുട്ടികൾവരെ 26 ആഴ്ച ***b.*** മൂന്നാമത്തെ കുട്ടി മുതൽ 12 ആഴ്ച ***c.*** ഗർഭം അലസലിന് 6 ആഴ്ച ***d.*** ഗർഭധാരണം ഗർഭപാത്ര ദാതാവിനെ ഏല്പിക്കുന്ന മാതാവിന് 12 ആഴ്ച. ***e.*** കുട്ടിയെ ദത്തെടുക്കുന്ന മാതാവിന് 12 ആഴ്ച |
| **5. ചികിത്സാ ആനുകൂല്യം** | | |
| അലോപ്പതി ചികിത്സകൾക്കൊപ്പം ഇന്ത്യൻ ചികിത്സാ സമ്പ്രദായത്തിൽപ്പെട്ട ആയുർവ്വേദം, യോഗ, യുനാനി, സിദ്ധ ഹോമിയോപ്പതി തുടങ്ങിയ ചികിത്സകളും കോർപ്പറേഷൻ നല്കി വരുന്നു. രാജ്യത്തുടനീളം തെരഞ്ഞെടുക്കപ്പെട്ട 95 ഇ.എസ്.ഐ. ആശുപത്രികളിലും ഡിസ്പൻസറികളിലും ഈ സൗകര്യം ലഭ്യമാണ്. | പരിരക്ഷിത തൊഴിലിൽ പ്രവേശിക്കുന്ന ഒന്നാം ദിവസം മുതൽ തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും ന്യായമായ വൈദ്യപരിരക്ഷ. കുടുംബാംഗങ്ങളിൽ ഭാര്യ/ഭർത്താവ്, 18 വയസ്സുവരെയുള്ള ആശ്രിതരായ ആൺകുട്ടികൾ (വിദ്യാഭ്യാസം തുടരുന്നെങ്കിൽ 21 വയസ്സുവരെ) ആശ്രിതരും അവിവാഹിതരുമായ പെൺമക്കൾ, വൈകല്യങ്ങളുള്ള ആശ്രിതരായ മക്കൾ, ആശ്രിതരായ മാതാപിതാക്കൾ എന്നിവർ ഉൾപ്പെടുന്നു. അതുപോലെതന്നെ അവിവാഹിതരും മാതാപിതാക്കൾ ജീവിച്ചിരിക്കുന്നില്ലാത്തവരുമായ പരിരക്ഷിത വ്യക്തിയുടെ പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ ആശ്രിതരാണെങ്കിൽ അവരും ഉൾപ്പെടുന്നു. | പരിരക്ഷിത വ്യക്തിക്കും കുടുംബാംഗങ്ങൾക്കും തൊഴിലിൽ പ്രവേശിക്കുന്ന ഒന്നാംദിവസം മുതൽ തൊഴിലിൽ തുടരുന്നിടത്തോളം കാലവും അവസാന ആനുകൂല്യകാലയളവു തീരുന്നതുവരെയും.<br>* 5 വർഷത്തിൽ കുറയാതെ പരിരക്ഷിത തൊഴിലിൽ തുടർന്നതിനുശേഷം പരിരക്ഷിത വ്യക്തി ആയിരിക്കെ തന്നെ വിരമിക്കൽപ്രായം എത്തിയതുമൂലമോ, സ്വമേധയാ പിരിഞ്ഞുപോകൽ പദ്ധതിപ്രകാരമോ വിരമിക്കൽ പ്രായമെത്താതെ വിരമിക്കുകയോ ചെയ്യുന്ന പരിരക്ഷിത വ്യക്തിക്കും ജീവിതപങ്കാളിക്കും വർഷത്തിൽ 120 അടച്ച് ചികിത്സാ ആനുകൂല്യം നേടാവുന്നതാണ്. പ്രസ്തുത ആനുകൂല്യം കൈപറ്റിയിരുന്ന വ്യക്തി മരണപ്പെട്ടാൽ വിധവയ്ക്കും ആശ്രിതാനുകൂല്യം കൈപറ്റുന്ന വിധവകൾക്കും ലഭിക്കുന്നതാണ്. |
| **6. മറ്റു ആനുകൂല്യങ്ങൾ** | | |
| പ്രസവ സംബന്ധമായ ചെലവുകൾ | ഇ.എസ്.ഐ പദ്ധതിയുടെ കീഴിൽ അത്യാവശ്യ ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലത്തുവച്ച് പ്രസവം നടക്കുകയാണെങ്കിൽ ഇൻഷ്വർ ചെയ്യപ്പെട്ട സ്ത്രീ തൊഴിലാളികളും, ഭാര്യയുടെ പ്രസവത്തിന് ഇൻഷ്വർ ചെയ്യപ്പെട്ട വ്യക്തികളും പരിരക്ഷിത തൊഴിലിൽ പ്രവേശിക്കുന്ന ഒന്നാംദിവസം മുതൽ അർഹരാണ്. | ഒരു പ്രസവത്തിന് 5000 രൂപ നിരക്കിൽ 2 പ്രസവം വരെ. |
| മൃതശരീര സംസ്കാര ചെലവുകൾ | ഇൻഷ്വർ ചെയ്യപ്പെടാവുന്ന തൊഴിലിൽ പ്രവേശിക്കുന്ന ഒന്നാംദിവസം മുതൽ പദ്ധതിയുടെ കീഴിലുള്ള ഏതെങ്കിലും ആനുകൂല്യത്തിന് അർഹത ഉള്ളടത്തോളം കാലം | പരിരക്ഷിത വ്യക്തി മരണപ്പെട്ടാൽ മൃതശരീര സംസ്കാരചെലവുകൾക്കായി പരമാവധി 15,000 രൂപയെന്ന നിബന്ധനയ്ക്കു വിധേയമായി യഥാർത്ഥ ചെലവ്. |
| തെഴിലില്ലായ്മാ വേതനം (R G S K Y) | വ്യവസായ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ, റീട്രഞ്ച്മെന്റ്, ജോലിക്കിടെയല്ലാതെയുണ്ടായ അപകടം മൂലമുള്ള ജോലിനഷ്ടം തുടങ്ങിയ മനപൂർവ്വമല്ലാത്ത സാഹചര്യങ്ങളിൽതൊഴിൽ നഷ്ടപ്പെടുന്നവർക്ക് | (1) പരമാവധി 24 മാസം ആദ്യ 12 മാസങ്ങളിൽ ശരാശരി വേതനത്തിന്റെ 50% നിരക്കിലും പിന്നീടുള്ള 12 മാസം 25% നിരക്കിലും (2) തൊഴിലില്ലായ്മ വേതനം കൈപറ്റുന്ന പരിരക്ഷിത വ്യക്തികളുടെ വൈദഗ്ദ്യ വർദ്ധനയ്ക്കായി ഒരു വർഷംവരെ തൊഴിൽ പരിശീലനം. (3) ഗവ.അംഗീകൃത സ്ഥാപനങ്ങൾ ഈടാക്കുന്ന മുഴുവൻ തുകയും ഇ.എസ്.ഐ. കോർപ്പറേഷൻ തിരികെ നല്കുന്നതായിരിക്കും. (4) തെഴിലില്ലായ്മാ വേതനം കൈപറ്റുന്ന കാലയളവിൽ പരിരക്ഷിത വ്യക്തിക്കും കുടുംബാംഗങ്ങൾക്കും വൈദ്യപരിരക്ഷ |
| തൊഴിൽ പുനരധിവാസ പരിശീലനം | 45 വയസ്സിൽ കൂടാത്ത പരിരക്ഷിത വ്യക്തിക്ക് തൊഴിലപകടം മൂലമുണ്ടാകുന്ന 40% -ൽ കുറയാത്ത ശാരീരിക വൈകല്യം | തൊഴിൽ പരിശീലനം തുടരുന്നിടത്തോളം കാലം സ്ഥാപനം ഈടാക്കുന്ന തുകയോ 123 രൂപയോ ഏതാണോ കൂടുതൽ അത് ലഭ്യമാകും കൂടാതെ സാധാരണ യാത്രാ കൂലിയും |
| പരിരക്ഷിത വ്യക്തികൾക്കും കുടുംബാംഗങ്ങൾക്കും ക്രിത്രിമ അവയവങ്ങൾക്കുള്ള സംവിധാനം | തൊഴിൽ അപകടമോ സാധാരണ അപകടങ്ങൾ മൂലമോ ഉണ്ടാവുന്ന അവയവനഷ്ടം. ചികിത്സാ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കണം. | പരിരക്ഷിത വ്യക്തിക്ക് ക്രിത്രിമ അവയവകേന്ദ്രത്തിൽ തുടരുന്നിടത്തോളം കാലം ശരാശരി വേതനത്തിന്റെ 100 ശതമാനവും വൈദ്യപരിരക്ഷയും, ക്രത്രിമ അവയവകേന്ദ്രത്തിലേക്കും തിരിച്ചുമുള്ള യാത്രാകൂലിയും ക്രത്രിമ അവയവ കേന്ദ്രത്തിലെ അനുബന്ധ ചെലവുകളും |
| വൈദഗ്ദ്യവർദ്ധനയ്ക്കുള്ള പരിശീലനം | R G S K Y പദ്ധതിപ്രകാരം തൊഴിലില്ലായ്മാ ആനുകൂല്യം കൈപറ്റുന്നവർക്ക് | ഒരു വർഷത്തേക്ക് |

**എം.ബി.ബി.എസ്/ബി.ഡി.എസ് അഡ്മിഷനുള്ള സംവരണം** : ഇ.എസ്.ഐ കോർപ്പറേഷൻ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന യോഗ്യതയുള്ള പരിരക്ഷിത വ്യക്തിയുടെ മക്കൾക്ക്. നീറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്നതായിരിക്കും. വിശദവിവരങ്ങൾ www.esic.nic.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

**അടൽ ബീമിത് വ്യക്തി കല്യാൺ യോജന** : വ്യവസായ സ്ഥാപനങ്ങളുടെ സ്ഥിരമോ താൽകാലികമോ ആയ അടച്ചുപൂട്ടൽ, തൊഴിലവസരങ്ങളുടെ കുറവു കൊണ്ടുള്ള പിരിച്ചുവിടൽ എന്നിവ മൂലമുണ്ടാകുന്ന തൊഴിൽ നഷ്ടത്തിന്റെ തൊട്ടുമുമ്പുള്ള 4-വിഹിത കാലയളവിൽ ഓരോന്നിലും കുറഞ്ഞത് 78 ദിവസത്തെയെങ്കിലും വിഹിതം അടച്ചിരിക്കുകയോ അടക്കേണ്ടതായിരിക്കുകയോ വേണം. പ്രാരംഭമായി 2 വർഷത്തേക്ക് (01-07-18 മുതൽ 30-06-2020 വരെ). പരമാവധി 90 ദിവസം ശരാശരി വേതനത്തിന്റെ 25%

**പൊതുപരാതി പരിഹാരം** : ഇ.എസ്.ഐ. കോർപ്പറേഷൻ എല്ലാ തലത്തിലും അതായത് ഹെഡ്ക്വാർട്ടേഴ്സ് ആഫീസ് / റീജിയണൽ ആഫീസ്/ സബ് റീജിയണൽ ആഫീസ് / ബ്രാഞ്ച് ആഫീസ്/ ഇ.എസ്.ഐ ഡിസ്പെൻസറികൾ/ ആശുപത്രികൾ എന്നിവിടങ്ങളിൽ ഊർജിതമായ പരാതി പരിഹാര സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഹെഡ് ക്വാർട്ടേഴ്സ് ടോൾ ഫ്രീ നമ്പർ 1800-11-2526. റീജിയണൽ ഓഫീസ് തലത്തിലുള്ള ബന്ധപ്പെട്ട അധികാരികളുടെ ടെലഫോൺ നമ്പർ ചുവടെ ചേർക്കുന്നു

## *DETAILS OF COMPLAINTS OFFICERS, ESIC, KERALA REGION*

*For complaints related to Cash benefits in respect of all ESIC Branch Offices*

| ADDRESS | PHONE NO. | E-mail ID |
|---|---|---|
| **Public Grievance Officer,**<br>ESI Corporation, Regional office,<br>Thrissur-680020 | 0487-2331080 | rd-kerala@esic.nic.in |
| **Public Grievance Officer,**<br>Sub Regional office, ESI Corporation,<br>Malu's Complex, St. Francis<br>Church Road, Ernakulam-682017 | 0484-2340844 | sro-ernakulam@esic.nic.in |
| **Public Grievance Officer,**<br>Sub Regional office, ESI. Corporation,<br>Panchdeep Bhavan,<br>Asramam,Kollam-691002 | 0474-2761190 | sro-kollam@esic.nic.in |
| **Public Grievance Officer,**<br>Sub Regional office,ESI. Corporation,<br>Panchdeep Bhavan,<br>Thiruvananthapuram-695 014 | 0471-2325064 | sro-thiruvananthapuram@esic.nic.in |
| **Public Grievance Officer,**<br>Sub Regional office,ESI. Corporation,<br>Panchdeep Bhavan,Eranhipalam,<br>Kozhikode -673006 | 0495-2772240 | dir-kozhikode@esic.nic.in |
| **FOR COMPLAINTS RELATED TO MEDICAL BENEFITS, ESI HOSPITAL AND DISPENSARIES UNDER ESI SCHEME IN KERALA REGION** | | |
| **Director, Insurance Medical Services**<br>Thycaud, Thiruvananthapuram 680 014 | 0471-2323715 | dimskerala@gmail.com |
| **Regional Deputy Director- South Zone**<br>Polayathode, Kollam - 695 001 | 0474-2742341 | rddimssz@gmail.com |
| **Regional Deputy Director- Central Zone**<br>ESI Hospital Campus, North Cochin<br>Ernakulam - 680018 | 0484-2391018 | rddims.cz@gmail.com |
| **Regional Deputy Director- North Zone**<br>ESI Dispensary Campus, Chalapuram,<br>Kozhikode - 673002 | 0495-2300339 | imsrddnz@gmail.com |
| **Medical Superintendent, ESI Hospital,**<br>Peroorkkada, Thiruvananthapuram,<br>Pin-695005 | 0471-2433075 | supdtesihpkda@gmail.com |
| **Medical Superintendent, ESI Hospital,**<br>Alappuzha, Beach Ward,<br>Thiruvampadi P.O, Alappuzha-688002 | 0477-2251388 | esih-alappuzha.kerala@esic.nic.in |
| **Medical Superintendent, ESI Hospital,**<br>Vadavathoor, Kottayam, Pin- 686010 | 0481-2578198 | esih-vadavathur.kerala@esic.nic.in |
| **Medical Superintendent,**<br>ESI Hospital,Near North Railway<br>station Road, Ernakulam,Pin- 682018 | 0484-2391479 | esihernakulam@gmail.com |
| **Medical Superintendent, ESI Hospital,**<br>Mulankunnathkavu, Thrissur-Pin-680581 | 0487-2200230 | spdt.esih.mulankunnathkave<br>@gmail.com |
| **Medical Superintendent, ESI Hospital,**<br>Olarikara,Thrissur, Pin-680 012 | 0487-2361239 | supdt.esih.olarikara@gmail.com |
| **Medical Superintendent,**<br>ESI Hospital, Feroke, Kozhikode<br>Pin-673 631 | 0495-2483245 | esihferoke@gmail.com |
| **Medical Superintendent,**<br>ESI Hospital, Thottada, Kannur-670007 | 0497-2835258 | esihthottada@gmail.com |
| **Medical Superintendent,**<br>ESI Hospital,Jainamed, Palakkad-678012 | 0491-2500134 | supdt.esipkd@gmail.com |
| **FOR ALL COMPLAINTS RELATED TO ESIC HOSPITALS IN KERALA REGION** | | |
| **ESIC Model & Super Specialty Hospital,**<br>Asramam,Kollam -691002 | 0474-2766618 | ms-asramam.ke@esic.nic.in |
| **ESIC Hospital,**<br>Ezhukone(P.O), Kollam- 691505 | 0474-2529380 | ms-ezhukone.ke@esic.nic.in |
| **ESIC Hospital, Udyogamandal,**<br>Pathalam Junction, Ernakulam - 683501 | 0484-2545164 | ms-udyogmandal.ke@esic.nic.in |
| **FOR ALL MEDICAL RELATED AND SUPER SPECIALTY COMPLAINTS IN KERALA REGION** | | |
| **State Medical Officer, Regional Office,**<br>ESI Corporation, Thrissur-680 020 | 0487-2330424 | smc-kerala@esic.nic.in |

## SUVIDHA SAMAGAM

In order to deal with oral, written complaints/suggestions and grievances, Suvidha Samagam is being held regularly at RO/SRO/ESIC Hospitals on 2nd Wednesday of every month and at all ESIC Branch Offices on 2nd Friday of every month.

## ESIC SUB REGIONAL OFFICES IN KERALA

**Sub Regional Office**
**ESI Corporation, TVM**
Panchdeep Bhavan,
Thiruvananthapuram-695 014
0471-2325064
sro-thiruvananthapuram@esic.nic.in

**Sub Regional Office**
**ESI. Corporation, Kollam**
Panchdeep Bhavan,
Asramam,Kollam-691002
0474-2761190, sro-kollam@esic.nic.in

**Sub Regional Office**
**ESI Corporation, Ernakulam**
Malu's Complex, St. Francis
Church Road, Ernakulam-682017
0484-2340844, sro-ernakulam@esic.nic.in

**Sub Regional Office**
**ESI Corporation, Kozhikode**
Panchdeep Bhavan, Eranhipalam,
Kozhikode -673006
0495-2772240
dir-kozhikode@esic.nic.in

IP our VIP

ESIC-2.0
Chinta Se Mukti

स्वच्छ भारत

150 YEARS OF CELEBRATING THE MAHATMA

# ഇന്ത്യയിലെ ഇ.എസ്.ഐ. പദ്ധതി

## സാമൂഹ്യ സുരക്ഷയുടെ തിളക്കമാർന്ന 67 വർഷങ്ങൾ



## ESIC REGIONAL OFFICE, THRISSUR

## എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ

## EMPLOYEES' STATE INSURANCE CORPORATION

(Regional Office, Kerala)
(Ministry of Labour & Employment, Govt. of India)
Panchdeep Bhavan, North Swaraj Round, Thrissur, - 680 020
Email : rd-kerala@esic.nic.in Website : www.esic.nic.in
Phone : 0487-2331080 Fax No.: 0487-2338441
Head Quarters Toll Free No.: 1800-11-2526

**ESIC : TOUCHING LIVES AS NONE OTHER**

## ഇ.എസ്.ഐ. പദ്ധതിയുടെ സവിശേഷതകൾ

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് ആക്ട് 1948 ലെ 'തൊഴിലാളി' എന്ന നിർവ്വചനത്തിൽപെടുന്നവർക്ക് രോഗം, പ്രസവം, തൊഴിൽ അപകടം മൂലമുണ്ടാകുന്ന വൈകല്യം, മരണം തുടങ്ങിയവയുടെ ആഘാതത്തിൽ നിന്നും സംരക്ഷണം നല്കുന്നതിനും പരിരക്ഷിത വ്യക്തികൾക്കും കുടുംബാംഗങ്ങൾക്കും വൈദ്യപരിചരണം നല്കുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള സമഗ്ര സാമൂഹ്യ സുരക്ഷാ സംവിധാനമാണ് ഇ.എസ്.ഐ. പദ്ധതി. പത്തോ അതിൽ കൂടുതലോ ആളുകൾ ജോലി ചെയ്യുന്ന ഫാക്ടറികൾ കച്ചവട സ്ഥാപനങ്ങൾ, ഹോട്ടൽ, റസ്റ്റോറന്റ്, സിനിമ തിയ്യറ്ററുകൾ, മോട്ടോർ ട്രാൻസ്പോർട്ട് സ്ഥാപനങ്ങൾ, പത്രമാധ്യമ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികൾ, അൺഎയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രതിമാസം 21000 രൂപ വരെ (ഓവർടൈം അലവൻസ് വേതനം ഒഴികെ) വേതനം കൈപ്പറ്റുന്ന ജീവനക്കാർക്ക് ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുന്നതാണ്. വേതനത്തിന്റെ ഒരു നിർദ്ദിഷ്ടശതമാനം കണക്കാക്കി മാസംതോറും നൽകുന്ന തൊഴിലുടമയുടെ വിഹിതത്തിൽ നിന്നും ജീവനക്കാരുടെ വിഹിതത്തിൽ നിന്നുമാണ് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് ഫണ്ട് സ്വരൂപിക്കപ്പെടുന്നത്. ഈ പദ്ധതിയിലേക്കുള്ള ജീവനക്കാരുടെ വിഹിതം 01.07.2019 മുതൽ വേതനത്തിന്റെ 0.75 ശതമാനവും തൊഴിലുടമകളുടെ വിഹിതം 3.25 ശതമാനവുമാണ്. ശരാശരി ദിവസവേതനം 137രൂപ വരെയുള്ള ജീവനക്കാരെ അവരുടെ വിഹിതം അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ തൊഴിലുടമയുടെ വിഹിതമായ 3.25% നൽകേണ്ടതുണ്ട്.

## ഇ.എസ്.ഐ. പദ്ധതി കേരളത്തിൽ

16.09.1956 ലാണ് ഇ.എസ്.ഐ. പദ്ധതി കൊല്ലം, ആലപ്പുഴ എറണാകുളം, തൃശൂർ, എന്നീ ജില്ലകളിലെ 7 കേന്ദ്രങ്ങളിൽ ആദ്യമായി നടപ്പിലാക്കിയത്. ക്രമേണ എല്ലാ പ്രധാന കേന്ദ്രങ്ങളിലും പദ്ധതി നടപ്പാക്കുകവഴി കേരളത്തിലെ 14 ജില്ലകളിലും ഇ.എസ്.ഐ പദ്ധതി നിലവിൽവന്നു.

01.02.17ൽ കേരളമൊട്ടാകെ പദ്ധതി നടപ്പാക്കുക എന്ന ലക്ഷ്യം കൈവരിച്ചു. ഇപ്പോൾ കേരളത്തിൽ 52073 ഫാക്ടറികളും സ്ഥാപനങ്ങളും ഇ.എസ്.ഐ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 11 ലക്ഷത്തോളം ഇൻഷുർ ചെയ്യപ്പെട്ട തൊഴിലാളികളും 44 ലക്ഷത്തോളം ഗുണഭോക്താക്കളും ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ വരുന്നു. തൊഴിലാളികൾക്ക് പണമായുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി കേരളത്തിൽ 54 ബ്രാഞ്ച് ഓഫീസുകളും ഒരു ഡിസ്പൻസറി കം ബ്രാഞ്ച് ഓഫീസും പ്രവർത്തിക്കുന്നു. ചികിത്സാ ആനുകൂല്യം നൽകുന്നതിനായി 146 ഇ.എസ്.ഐ. ഡിസ്പൻസറികളും 9 ഇ.എസ്.ഐ. ആശുപത്രികളും കേരള സർക്കാറിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. ഇ.എസ്.ഐ. കോർപ്പറേഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 3 ആശുപത്രികൾ, കൊല്ലം ആശ്രമം, ഏഴുകോൺ, ഉദ്യോഗമണ്ഡലം എന്നീ സ്ഥലങ്ങളിലും പ്രവർത്തിക്കുന്നു. കൂടാതെ 53 സ്വകാര്യ ആശുപത്രികളുമായി തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും അതിവിദഗ്ധ സൗജന്യചികിത്സക്കായി കരാറിലേർപ്പെട്ടിട്ടുണ്ട്. എല്ലാ ജില്ലകളിലും, ഡിസ്പെൻസറി കം ബ്രാഞ്ച് ഓഫീസ് ആരംഭിക്കുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ആദ്യത്തെ ഡിസ്പൻസറി കം ബ്രാഞ്ച് ഓഫീസ് (DCBO) അടിമാലിയിൽ 12-09-2018ൽ പ്രവർത്തനം ആരംഭിച്ചു.




## സ്ഥാപനങ്ങളുടെ റജിസ്ട്രേഷനും കോൺട്രിബ്യൂഷൻ അടയ്ക്കലും

ഇ.എസ്.ഐ. ആക്ട് ബാധകമായ സ്ഥാപനം 15 ദിവസത്തിനുള്ളിൽ പദ്ധതിയിൽ റജിസ്റ്റർ ചെയ്യാൻ www.esic.in എന്ന വെബ്സൈറ്റിൽ Portal application log in ചെയ്ത് ലഭിക്കുന്ന നിർദ്ദേശപ്രകാരം 01 ഫോറം പൂരിപ്പിച്ച് തൊഴിലുടമയുടെ കോഡ് നമ്പറും പാസ്സ്‌വേഡും സ്വീകരിക്കേണ്ടതാണ്. ഉടനെതന്നെ തൊഴിലുടമയുടെ കോഡ് നമ്പറും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്തതിനു ശേഷം റജിസ്ട്രേഷൻ എന്ന വിഭാഗത്തിൽ Register new I.P ലിങ്ക് ഉപയോഗിച്ച് നിലവിലുള്ള ഓരോ തൊഴിലാളിയെയും റജിസ്റ്റർ ചെയ്യേണ്ടതാണ്.

പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ആവശ്യമായ വിവരങ്ങളും ചികിത്സക്കായി തെരഞ്ഞെടുക്കുന്ന ഡിസ്പൻസറികളും നല്കി എത്രയും വേഗം തൊഴിലാളികളെ റജിസ്റ്റർ ചെയ്യേണ്ടതാണ്. ജീവനക്കാരെ ഇ.എസ്.ഐയിൽ റജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന റജിസ്റ്റർ നമ്പർ ആജീവനാന്തം ഉപയോഗിക്കാവുന്നതാണ്. ഒരിക്കൽ ഇ.എസ്.ഐ. നമ്പർ ലഭിച്ചിട്ടുള്ള തൊഴിലാളി പുതിയൊരു സ്ഥാപനത്തിൽ ജോലിക്കു ചേരുമ്പോൾ പഴയ ഇൻഷുറൻസ് നമ്പർ തന്നെ തുടരേണ്ടതാണ്. വീണ്ടും റജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

ഇ.എസ്.ഐ. സ്കീമിൽ റജിസ്റ്റർ ചെയ്യുന്നതിനുള്ള പൂർണ്ണമായ നടപടിക്രമങ്ങൾ താഴെപറയുന്ന ലിങ്കുകളിൽ www.esic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

i) തൊഴിലാളിയെ റജിസ്റ്റർ ചെയ്യൽ
ii) പുതിയ തൊഴിലാളികളുടെയും നിലവിൽ സ്കീമിലുള്ളവരുടെയും റജിസ്ട്രേഷൻ
iii) തൊഴിലാളികളെ സംബന്ധിക്കുന്ന വിവരങ്ങൾ നൽകി ഡിക്ലറേഷൻ ഫോം ഉണ്ടാക്കൽ
iv) തൊഴിലാളികളുടെ വിശദവിവരങ്ങൾ അടങ്ങിയ ഡിക്ലറേഷൻ ഫോം സമർപ്പിക്കൽ
v) ഇൻഷുറൻസ് നമ്പർ ജനറേറ്റ് ചെയ്യൽ
vi) ഇ-പഹ്ച്ചാൻ കാർഡ് ജനറേറ്റ് ചെയ്യൽ
vii) മാസംതോറും ഇ.എസ്.ഐ. വിഹിതം അടക്കൽ

## സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ

ഇ.എസ്.ഐ. സ്കീം നൽകിവരുന്ന സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ പ്രധാനമായും ചികിത്സാ ആനുകൂല്യം, സാമ്പത്തിക ആനുകൂല്യം എന്ന് രണ്ടായി തിരിച്ചിരിക്കുന്നു.

## ചികിത്സാ ആനുകൂല്യം

ഇൻഷുർ ചെയ്യപെട്ട വ്യക്തിക്കും അവരുടെ കുടുംബാംഗങ്ങൾക്കും തൊഴിലിൽ പ്രവേശിക്കുന്ന ആദ്യ ദിവസം മുതൽ ചികിത്സാ ആനുകൂല്യം ലഭിക്കുന്നതാണ്. ഔട്ട് പേഷ്യന്റ് ചികിത്സ, വസതിയിൽ സന്ദർശനം നടത്തിയുള്ള ചികിത്സ, സ്പെഷ്യലിസ്റ്റ് ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ, ആശുപത്രിയിൽ കിടത്തി ചികിത്സ, സൗജന്യ മരുന്നുകളും ഡ്രസിങ്ങും, എക്സറേ ലബോറട്ടറി പരിശോധനകൾ, പ്രതിരോധ കുത്തിവയ്പുകൾ, കുടുംബക്ഷേമ പ്രവർത്തനങ്ങൾ, ക്രിത്രിമ അവയവങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ അതിവിദഗ്ധ ചികിത്സക്കുള്ള സൗകര്യവും നൽകി വരുന്നു.

## അതി വിദഗ്ധചികിത്സക്കുള്ള നിബന്ധനകൾ

അതി വിദഗ്ധ ചികിത്സക്കുള്ള നിബന്ധനകൾ 29-10-2018 മുതൽ താഴെ പറയുന്നവയാണ്.

1. ഇൻഷുർ ചെയ്യപെട്ട വ്യക്തി ആറുമാസത്തെ വിഹിത കാലയളവിൽ 78 ദിവസത്തിൽ കുറയാത്ത കാലത്തേയ്ക്ക് വിഹിതം അടയ്ക്കുകയും ഇ.എസ്.ഐ. പദ്ധതിയിൽ റജിസ്റ്റർ ചെയ്തതിനുശേഷം 6 മാസം പൂർത്തീകരിക്കുകയും ചെയ്തിരിക്കണം.
2. ഇ.എസ്.ഐ. പദ്ധതിയിൽ റജിസ്റ്റർ ചെയ്തതിനുശേഷം ഒരു വർഷം പൂർത്തിയാക്കുകയും ബന്ധപ്പെട്ട രണ്ടു വിഹിത കാലയളവിൽ 156 ദിവസത്തെ വിഹിതം അടയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ഇൻഷുർ ചെയ്ത വ്യക്തികളുടെ കുടുംബാംഗങ്ങൾക്ക് അതി വിദഗ്ധ ചികിത്സക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.
3. കൂടാതെ തൊഴിലുടമ, ഇ.എസ്.ഐ. നിയമം സെക്ഷൻ 44 റെഗുലേഷൻ 26(a) പ്രകാരം മാസംതോറുമുള്ള റിട്ടേണുകൾ ഫയൽ ചെയ്തിരിക്കുകയോ അല്ലെങ്കിൽ ഇ.എസ്.ഐ. (ജനറൽ) റഗുലേഷൻ 31 പ്രകാരം വിഹിതം അടച്ചിരിക്കുകയോ ചെയ്തിരിക്കേണ്ടതാണ്.
4. അതിവിദഗ്ധ ചികിത്സ ബന്ധപ്പെട്ട ആനുകൂല്യ കാലയളവിൽ മാത്രം ലഭ്യമാണ്.
5. ദീർഘകാല രോഗാനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന ഇൻഷുർ ചെയ്യപ്പെട്ട വ്യക്തിക്കും കുടുംബാംഗങ്ങൾക്കും അതിവിദഗ്ദ്ധ ചികിത്സക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.
6. പ്രസവാനുകൂല്യം ലഭിച്ചുക്കൊണ്ടിരിക്കുന്ന വ്യക്തിക്ക് അതിവിദഗ്ധ ചികിത്സക്ക് അർഹതയുണ്ട്.
7. തൊഴിൽ അപകടങ്ങൾക്ക് യാതൊരു നിബന്ധനകളും ഇല്ലാതെ അതി വിദഗ്ധ ചികിത്സ ലഭിക്കുന്നതാണ്.

ഇ.എസ്.ഐ. അംഗമായിരിക്കെ റിട്ടയർ ചെയ്തവർക്കും അവരുടെ ജീവിത പങ്കാളിക്കും കൂടാതെ തൊഴിൽ ചെയ്യുന്നതിനിടയിൽ വൈകല്യം സംഭവിച്ച് ജോലി നഷ്ടപ്പെട്ട വ്യക്തിക്കും ജീവിതപങ്കാളിക്കും പ്രതിവർഷം 120 രൂപ അടച്ചാൽ ചികിത്സാ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ആശ്രിത ആനുകൂല്യം കൈപറ്റുന്ന വിധവകൾക്കും ഇത്തരത്തിൽ ചികിത്സാ ആനുകൂല്യം കിട്ടി കൊണ്ടിരുന്ന, വ്യക്തികളുടെ വിധവകൾക്കും 120 അടച്ച് ചികിത്സാ ആനുകൂല്യത്തിന് അർഹത നേടാവുന്നതാണ്.

## പണമായുള്ള ആനുകൂല്യം

ഇൻഷുർ ചെയ്ത തൊഴിലാളികൾക്ക് അസുഖം, പ്രസവം, തൊഴിലില്ലായ്മ, തൊഴിൽ സംബന്ധമായ അപകടത്താൽ ഉണ്ടാകുന്ന അവശത, മരണം, തൊഴിൽജന്യ രോഗങ്ങൾ എന്നിവ മൂലം വേതനം നഷ്ടപ്പെട്ടാൽ, പണമായുള്ള ആനുകൂല്യം ബ്രാഞ്ച് ഓഫീസുകൾ മുഖാന്തരം നൽകുന്നതാണ്. തൊഴിൽ നഷ്ടത്തിനു ഒരു അംഗീകൃത ഡോക്ടർ അഥവാ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് എടുക്കേണ്ടതാണ്. സ്ഥാപനം അടച്ചുപൂട്ടുന്നതു മൂലം ഉണ്ടാകുന്ന തൊഴിൽ നഷ്ടം അല്ലെങ്കിൽ 40% ൽ കുറയാത്ത തൊഴിലുമായി ബന്ധപെടാത്ത അപകടങ്ങൾ മൂലമുണ്ടാകുന്ന തൊഴിൽ നഷ്ടം എന്നിവയ്ക്ക് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതാണ്.

## സേവനങ്ങൾ ഓൺലൈൻ വഴി (Online Service)

www.esic.nic.in എന്ന വെബ്സൈറ്റിലൂടെ ഇ.എസ്.ഐ കോർപ്പറേഷനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയാവുന്നതാണ്. കൂടാതെ www.esic.in എന്ന വെബ്സൈറ്റിലൂടെ തൊഴിലുടമകൾക്കും തൊഴിലാളികൾക്കും താഴെ കൊടുത്തിരിക്കുന്ന സേവനങ്ങൾ ലഭ്യമാണ്.

1. തൊഴിലുടമകളുടെയും തൊഴിലാളികളുടെയും രജിസ്ട്രേഷൻ
2. തൊഴിലാളികളുടെ തിരിച്ചറിയൽ കാർഡുകൾ
3. ഇ.എസ്.ഐ വിഹിതം അടക്കുന്നതിനുള്ള സൗകര്യം
4. ബ്രാഞ്ച് ഓഫീസുകളിലൂടെ തൊഴിലാളികൾക്കു പണമായി നൽകുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ.
5. തൊഴിലുടമകൾക്കും തൊഴിലാളികൾക്കും പരാതികൾ ഓൺലൈൻ (Online) ആയി സമർപ്പിക്കുന്നതിനുള്ള സൗകര്യം.

## പരിരക്ഷിത വ്യക്തികളുടെ പോർട്ടൽ (I.P. Portal)

- www.esic.in എന്ന സൈറ്റ് ലോഗിൻ ചെയ്യുക.
- ഇടതു വശത്തു കാണുന്ന I.P. Portal ൽ ക്ലിക് ചെയ്യുക.
- ഇൻഷുർ ചെയ്ത വ്യക്തികളുടെ ഇൻഷുറൻസ് നമ്പർ കൊടുത്തു ലോഗിൻ ചെയ്താൽ താഴെപറയുന്ന കാര്യങ്ങൾ അറിയാവുന്നതാണ്.

1. ഇൻഷുർ ചെയ്ത വ്യക്തിയുടെയും അവരുടെ കുടുംബത്തെയും സംബന്ധിച്ച വിവരങ്ങൾ.
2. ഇൻഷുർ ചെയ്ത വ്യക്തിക്ക് അർഹതപ്പെട്ട ഇ.എസ്.ഐ. ആനുകൂല്യങ്ങൾ
3. ഇൻഷുർ ചെയ്യപ്പെട്ട വ്യക്തിയുടെ വേതനവും തൊഴിലുടമ അടച്ച വിഹിതവും
4. ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്കുവേണ്ടി ബ്രാഞ്ച് ഓഫീസിൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ.



## തൊഴിലുടമ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഇ.എസ്.ഐ. നിയമം ബാധകമാകുന്ന ഫാക്ടറി/സ്ഥാപനം www.esic.in എന്ന വെബ്സൈറ്റിലൂടെ ഓൺ ലൈൻ ആയി ഉടൻ തന്നെ റജിസ്ട്രർ ചെയ്യേണ്ടതാണ്. റജിസ്ട്രർ ചെയ്യുന്ന സമയത്തു ഒരു രേഖയും സമർപ്പിക്കേണ്ടതില്ല. റജിസ്ട്രേഷൻ നടപടികൾ പൂർത്തിയായാൽ തൊഴിലുടമക്കു 17 അക്ക ഇ.എസ്.ഐ. കോഡ് നമ്പർ (Code Number) ലഭിക്കുന്നതും റജിസ്ട്രേഷൻ സർട്ടിഫിക്കറ്റായ C-11 ഫാറം കംപ്യൂട്ടറിൽ നിന്നും എടുക്കാവുന്നതും ആണ്.

സ്ഥാപനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ (കോൺട്രാക്ടറുടെ കീഴിലുള്ള തൊഴിലാളികളടക്കം) ഓൺലൈൻ ആയി റജിസ്ട്രർ ചെയ്യേണ്ടതാണ്. തുടർന്ന് കംപ്യൂട്ടറിൽ നിന്നും ലഭിക്കുന്ന ഇ-പഹ്ചാൻ കാർഡ് (e-pehchan card) തൊഴിലാളികൾക്ക് ഇ.എസ്.ഐ. തിരിച്ചറിയൽ കാർഡായി ഉപയോഗിക്കാവുന്നതാണ്.

പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നതിന് മുൻപ് തൊഴിലാളി ഇൻഷുറൻസ് പരിരക്ഷയുള്ള മറ്റൊരു സ്ഥാപനത്തിൽ ജോലി ചെയ്കയും അവിടെ നിന്നും ഇ.എസ്.ഐ. ഇൻഷുറൻസ് നമ്പർ ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, വീണ്ടും റജിസ്ട്രർ ചെയ്യേണ്ടതില്ല. പഴയ ഇ.എസ്.ഐ നമ്പർ തുടരാവുന്നതാണ്.

ഇൻഷുർ ചെയ്യപ്പെട്ട വ്യക്തിയുടെയും ആശ്രിതരായ കുടുംബാംഗങ്ങളുടെയും ഗ്രൂപ്പ് ഫോട്ടോ ഇ-പെഹ്ച്ചാൻ കാർഡിൽ ഒട്ടിച്ച് തൊഴിലുടമയുടെ ഒപ്പും സീലും പതിച്ചാൽ ഇ.എസ്.ഐ. ഐഡന്റിറ്റി കാർഡായി ഉപയോഗിക്കാവുന്നതാണ്.

ബ്രാഞ്ച് ഓഫീസിൽ നിന്നും പണമായുള്ള ആനുകൂല്യം ലഭിക്കുന്നതിനായി തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങൾ തൊഴിലുടമ ബ്രാഞ്ച് ഓഫീസിൽ നൽകേണ്ടതാണ്.

ഒരു സ്ഥാപനം സ്ഥിരമായി അടച്ചുപൂട്ടുകയോ അഥവാ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെടുകയോ ചെയ്താൽ അതുവരെയുള്ള റിട്ടേണുകൾ 21 ദിവസത്തിനകം ബന്ധപ്പെട്ട റിജിയണൽ ഓഫീസിൽ/സബ് റിജ്യണൽ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## തൊഴിലാളികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പുതിയ സ്ഥാപനത്തിൽ ജോലിക്കു ചേരുമ്പോൾ ഇൻഷുറൻസ് പരിരക്ഷയുള്ള സ്ഥാപനത്തിൽ മുൻപ് ജോലി ചെയ്യുകയും ഇ.എസ്.ഐ. നമ്പർ ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത നമ്പർ പുതിയ തൊഴിലുടമയെ അറിയിക്കേണ്ടതാണ്. ഇ.എസ്.ഐ. നൽകുന്ന ആനുകൂല്യങ്ങൾ പലതും സേവനകാലയളവും അംശാദാനവുമായി ബന്ധപെട്ടതായതിനാൽ നിലവിലുള്ള ഇൻഷുറൻസ് നമ്പർ തുടരുന്നത് തൊഴിലാളിക്ക് ഗുണകരമായിരിക്കും.

ഇ-പെഹ്ച്ചാൻ കാർഡിന്റെ കൂടെ ഗവ.അംഗീകൃത തിരിച്ചറിയൽ കാർഡും കൂടി ഹാജരാക്കി ഇ.എസ്.ഐ. ആശുപത്രിയിൽ നിന്നും ഡിസ്പൻസറിയിൽ നിന്നും ചികിത്സ നേടാവുന്നതാണ്.

ഇൻഷുറൻസ് പരിരക്ഷയുള്ള സ്ഥാപനത്തിൽ ചേരുമ്പോൾ ലഭിക്കുന്ന ഇ-പെഹ്ച്ചാൻ കാർഡ് ജോലിയോ തൊഴിലുടമയോ മാറിയാലും ഉപയോഗിക്കാവുന്നതാണ്. പഴയ ഇ-പെഹ്ച്ചാൻ കാർഡ് നമ്പർ പുതിയ തൊഴിലുടമയോടു വെളിപെടുത്തേണ്ടതാണ്. ഇ-പെഹ്ച്ചാൻ കാർഡ് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സ്ഥിരമായ തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാവുന്നതാണ്.

തൊഴിലാളിയുടെ ടെലഫോൺ നമ്പർ, ഇ-മെയിൽ, കുടുംബാംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ റജിസ്ട്രേഷനായി തൊഴിലുടമയെ അറിയിക്കേണ്ടതാണ്. ഇ.എസ്.ഐ. മുഖാന്തരം ലഭ്യമാകുന്ന ആനുകൂല്യങ്ങൾ വേഗത്തിൽ ലഭിക്കാൻ നിങ്ങൾ നൽകുന്ന വിവരങ്ങൾ സഹായകമാകും.

## പൊതുവായുള്ള വിവരങ്ങൾ

| | |
|---|---|
| 1. അംശാദാനവിഹിതം/ സാമ്പത്തിക ഉറവിടം | തൊഴിലാളിയുടെ മൊത്ത വേതനത്തിന്റെ 0.75 ശതമാനം തൊഴിലാളിയുടെ വിഹിതവും 3.25 ശതമാനം തൊഴിലുടമയുടെ വിഹിതവുമായി മൊത്തം 4% ഇ.എസ്.ഐ. വിഹിതമായി തൊഴിലുടമ അടക്കേണ്ടതാണ്. |
| 2. ഇ.എസ്.ഐ യിൽ അംഗമാകുന്നതിനുള്ള വേതന പരിധി | 01.01.2017 മുതൽ വേതന പരിധി 21000/- രൂപ ആയി ഉയർത്തിയിരിക്കുന്നു. (വേതനപരിധി കണക്കാക്കുമ്പോൾ ഓവർടൈം വേതനം കണക്കാക്കുന്നതല്ല. എന്നാൽ ഇ.എസ്.ഐ കോൺട്രിബ്യൂഷൻ അടക്കുമ്പോൾ ഓവർ ടൈം വേതനം കണക്കാക്കേണ്ടതാണ്.) |
| 3. വിഹിതം അടക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട തൊഴിലാളിയുടെ വേതന പരിധി | ഒരു ദിവസത്തെ ശരാശരി വേതനം 137/-രൂപയോ അതിൽ താഴെയോ ആണെങ്കിൽ തൊഴിലാളിയുടെ വിഹിതം അടക്കേണ്ടതില്ല. എന്നാൽ തൊഴിലുടമയുടെ വിഹിതം അടക്കേണ്ടതാണ്. |
| 4. വിഹിതം അടക്കുവാനുള്ള തിയ്യതി | വേതനം നൽകുന്ന മാസത്തത്തെ തുടർന്ന് വരുന്ന മാസം 15-ാം തിയ്യതിക്കകം |
| 5. വിഹിതം അടക്കാൻ വൈകിയാൽ | പലിശ 12%വരെ ഡാമേജ് 5% മുതൽ 25% വരെ |
| 6. പ്രോസിക്യൂഷൻ നടപടികൾ | 5 വർഷം വരെ തടവും 25000/- രൂപ വരെ പിഴയും 1961ലെ ഇൻകംടാക്സ് നിയമത്തിലെ ഷെഡ്യൂൾ 42ൽ പറഞ്ഞിട്ടുള്ള റെവന്യു റിക്കവറി നടപടികൾ |

## ഇ.എസ്.ഐ. ആനുകൂല്യങ്ങളും അർഹതാ നിബന്ധനകളും

| പദ്ധതിയുടെ കീഴിലുള്ള ആനുകൂല്യങ്ങൾ | അർഹതാനിബന്ധനകൾ | ആനുകൂല്യങ്ങളുടെ നിരക്കും കാലയളവും |
|---|---|---|
| **1.രോഗാനുകൂല്യം** | | |
| a.രോഗാനുകൂല്യം | ബന്ധപ്പെട്ട 6 മാസത്തെ വിഹിത കാലയളവിൽ 78 ദിവസത്തെ വിഹിതം അടച്ചിരിക്കണം. | ശരാശരി വേതനത്തിന്റെ 70% നിരക്കിൽ. അടുത്തടുത്ത രണ്ട് ആനുകൂല്യകാലയളവിൽ 91 ദിവസത്തെ വേതനം |
| b. വർദ്ധിപ്പിച്ച രോഗാനുകൂല്യം | മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധന | ട്യുബക്ടമിക്ക് 14 ദിവസവും വാസക്ടമിക്ക് 7 ദിവസവും ശരാശരി വേതനത്തിന്റെ 100% നിരക്കിൽ. വൈദ്യോപദേശ പ്രകാരം ആവശ്യമെങ്കിൽ കാലയളവ് ദീർഘിപ്പിക്കാവുന്നതാണ്. |
| c. ദീർഘകാല രോഗാനുകൂല്യം | നിർദ്ദിഷ്ട 34 ദീർഘകാല രോഗങ്ങൾക്ക് അസുഖം ആരംഭിച്ച തീയതിക്ക് തൊട്ടുമുൻപുള്ള 2 വർഷത്തെ പരിരക്ഷിത തൊഴിലും പ്രസ്തുത 4 വിഹിത കാലയളവിൽ ചുരുങ്ങിയത് 156 ദിവസത്തെ വിഹിതവും അതിൽ ഒരു വിഹിത കാലയളവിലെങ്കിലും 78 ദിവസത്തെ വിഹിതവും. | ശരാശരി വേതനത്തിന്റെ 80% നിരക്കിൽ 309 ദിവസം വരെ. മെഡിക്കൽ ബോർഡ് ശുപാർശ പ്രകാരം 730 ദിവസം വരെ ദീർഘിപ്പിക്കാവുന്നതാണ്. |